എം.ജി.ആർ ചിത്രവുമായി 100 രൂപ നാണയം

ന്യൂഡൽഹി: അണ്ണാ ഡി.എം.കെ സ്ഥാപകനും തമിഴ്നാട് മുൻമുഖ്യമന്ത്രിയുമായ എം.ജി.ആറിന്റെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് കേന്ദ്രസർക്കാർ 100 രൂപ നാണയം പുറത്തിറക്കും. 35 ഗ്രാം തൂക്കം നാണയത്തിനുണ്ടാകും. ഒരു വശത്ത് എം.ജി.ആറിന്റെ മുഖചിത്രവും മറുവശത്ത് അശോകസ്തംഭവും ആലേഖനം ചെയ്യും. എം.ജി.ആറിന്റെ നൂറാം ജന്മ ദിനത്തിൽ പ്രത്യേക നാണയവും തപാൽ സ്റ്റാമ്പും പുറത്തിറക്കണമെന്ന് തമിഴ്നാട് സർക്കാർ നേരത്തേ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു.

ഭീകരർ ഒരിക്കൽ പോലും ഉപദ്രവിച്ചില്ല: ഫാ. ഉഴുന്നാലിൽ



ഫാ. ടോം ഉഴുന്നാലിൽ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ച് അനുഗ്രഹം തേടുന്നു

വത്തിക്കാൻ സിറ്റി: ഒന്നര വർഷം തടവിൽ കഴിയുന്നതിനിടെ ഐസിസ് ഭീകരർ ഒരിക്കൽപോലും തന്നെ ശാരീരികമായി ഉപദ്രവിക്കുകയോ മോശമായി പെരുമാറുകയോ ചെയ്തിട്ടില്ലെന്ന് ഫാദർ ടോം ഉഴുന്നാലിൽ വത്തിക്കാനിൽ മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു.

എന്നാൽ ഐസിസ് ക്യാമ്പിലെ ജീവിതം ദുരിതപൂർണമായിരുന്നു. തടവിൽ കഴിഞ്ഞ കാലമത്രയും ഒരേവസ്ത്രമാണ് ധരിക്കാനുണ്ടായിരുന്നത്. പ്രമേഹം ബാധിച്ച് അവശനായപ്പോൾ അവർ മരുന്നു തന്നു. താനുമായി മൂന്ന് തവണ താവളം മാറ്റി. ഓരോ തവണയും കണ്ണു കെട്ടിയാണ് കൊണ്ടുപോയിരുന്നത്. കൊടും ഭീകരരുമൊത്തുള്ള ജീവിതത്തിൽ ഒരിക്കൽ പോലും മരണത്തെ ഭയപ്പെട്ടിരുന്നില്ല. ഐസിസ് ഭീകരരുടെ തടവിൽ നിന്ന് മോചിതനായി വത്തിക്കാനിലെത്തിയ ഫാദർ ഉഴുന്നാലിൽ ഇന്നലെ ഫ്രാൻസിസ് മാർപാപ്പയെ കണ്ട് അനുഗ്രഹം തേടി. വത്തിക്കാനിൽ സലേഷ്യൻ സഭയുടെ സംരക്ഷണത്തിലാണ് ഉഴുന്നാലിൽ കഴിയുന്നത്.

കേരളീയ രീതിയിൽ പൊന്നാട അണിയിച്ചാണ് ഉഴുന്നാലിലിനെ സഭ സ്വാഗതം ചെയ്തത്. കേരളീയ ശൈലിയിലുള്ള ഭക്ഷണവും നൽകുന്നുണ്ട്. സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ പുണ്യനഗരത്തിലെ താമസവും പ്രാർത്ഥനയും സഹായിക്കുമെന്ന് ഉഴുന്നാലിൽ പറഞ്ഞു. ഏദനിലെ മിഷണറീസ് ഒഫ് ചാരിറ്റിയുടെ ചാപ്പലിൽ പ്രാർത്ഥനയ്ക്കിടെ 2016 മാർച്ച് നാലിനാണ് ഉഴുന്നാലിലിനെ തട്ടിക്കൊണ്ടുപോയത്.

അതിനിടെ, തന്റെ മോചനത്തിനായി പ്രയത്നിച്ച കേന്ദ്രസർക്കാരിന് ഉഴുന്നാലിൽ ഫോണിലൂടെ നന്ദി അറിയിച്ചതായി വിദേശകാര്യമന്ത്രി സുഷമ സ്വരാജ് ട്വിറ്ററിൽ കുറിച്ചു.

മറക്കരുത് ഈ ആധാർ 'സംഗമ'ങ്ങൾ

ന്യൂഡൽഹി: പ്രധാനപ്പെട്ട ചില 'ആധാർ സംഗമ' ദിനങ്ങൾ മറക്കരുത്. മറന്നാൽ 2018ലെ ജീവിതം ബുദ്ധിമുട്ടാകും.

ആധാർ - പാൻ

പാൻ കാർഡുമായി ആധാർ നമ്പർ ലിങ്ക് ചെയ്യുന്നതിനുള്ള അവസാന ദിവസം വരുന്ന ഡിസംബർ 31 ആണ്. ആദായ നികുതിയുടെ പരിധിയിൽ വരുന്നവർക്കുള്ള അവസാന ദിവസമാണത്. ആദായ നികുതി പരിധിയായ 2.5 ലക്ഷത്തിൽ കുറവ് വരുമാനം ഉള്ളവരുടെ ആധാർ നമ്പർ പാൻ കാർഡുമായി ലിങ്ക് ചെയ്യുന്നതിന് വീണ്ടും സമയം ഉണ്ടാകും. അതിന്റെ അവസാന തീയതി ഇനിയും പ്രഖ്യാപിച്ചിട്ടില്ല.

ആധാർ - ബാങ്ക്

ഉപഭോക്താവിനെ അറിയാൻ ബാങ്ക്, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആധാർ നമ്പർ നൽകേണ്ട അവസാന തീയതിയും ഡിസംബർ 31 ആണ്. ആധാർ നൽകിയില്ലെങ്കിൽ അക്കൗണ്ട് പ്രവർത്തനരഹിതമാകും. പെൻഷൻ, മ്യൂച്വൽ ഫണ്ട്, ഓഹരി തുടങ്ങിയവയുടെ വിഹിതം ലഭിക്കുന്നതിനും ഇതാവശ്യമാണ്.

ആധാർ - മൊബൈൽ

മൊബൈൽ ഉപയോഗിക്കുന്നവരെല്ലാം, പ്രീപെയിഡ്, പോസ്റ്റ് പെയ്ഡ് എന്ന വ്യത്യാസമില്ലാതെ ആധാർ നമ്പർ അതത് സർവീസ് ദാതാക്കളുമായി ബന്ധപ്പെട്ട് ലിങ്ക് ചെയ്യണം. പുതിയ സിം വാങ്ങുമ്പോൾ ആധാർ നമ്പർ നൽകണമെന്നത് നിർബന്ധമാണ്. അവസാന തീയതി 2018, ഫെബ്രുവരി 6.

ആധാർ - സാമൂഹ്യ സുരക്ഷ

സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഭാഗമായി ധനസഹായം ഉൾപ്പെടെയുള്ള എല്ലാം ലഭിക്കാൻ അതത് പദ്ധതി സംവിധാനവുമായി ആധാർ ലിങ്ക് ചെയ്യണം. എൽ.പി.ജി സബ്സിഡി, സ്കോളർഷിപ്പ് തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ വരും. അവസാന തീയതി ഡിസംബർ 31 ആണ്.

ക്രീമിലെയർ പരിധി എട്ട് ലക്ഷം: ഉത്തരവിറങ്ങി

ന്യൂഡൽഹി: പിന്നാക്ക വിഭാഗങ്ങളുടെ സംവരണത്തിന് ക്രീമിലെയർ നിർണയിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി എട്ട് ലക്ഷം രൂപയായി ഉയർത്തി കേന്ദ്ര പേഴ്സണൽ മന്ത്രാലയം ഉത്തരവിറക്കി. കഴിഞ്ഞമാസം 23ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗമാണ് നിലവിലുള്ള ആറ് ലക്ഷം രൂപ എട്ട് ലക്ഷമാക്കാൻ തീരുമാനിച്ചത്. ഇതിന്റെ ഉത്തരവാണ് ഇന്നലെ പുറത്തിറക്കിയത്.

പ്രതിമാസം 66,666 രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കും. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്മേലുള്ള സുപ്രീം കോടതി വിധിക്ക് ശേഷം 1993ൽ ഒരു ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ചാണ് ക്രീമിലെയർ നിലവിൽ വന്നത്. ഇത് 2004ൽ രണ്ടരലക്ഷമായും 2008ൽ നാലരലക്ഷമായും 2013ൽ ആറ് ലക്ഷമായും ഉയർത്തുകയായിരുന്നു.

ഡൽഹി യൂണി. യൂണിയൻ: എൻ.എസ്.യുവിന് വിജയം

ന്യൂഡൽഹി: ഡൽഹി യൂണിവേഴ്സിറ്റി യൂണിയൻ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിദ്യാർത്ഥി സംഘടനയായ എൻ.എസ്.യു പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ നേടി. സെക്രട്ടറി, ജോയിന്റ് സെക്രട്ടറി സ്ഥാനങ്ങൾ എ.ബി.വി.പിക്കാണ്. ആദ്യം വോട്ടെണ്ണിയപ്പോൾ സെക്രട്ടറി സ്ഥാനവും എൻ.എസ്.യുവിനെന്നാണ് പ്രഖ്യാപിച്ചത്. എന്നാൽ എ.ബി.വി.പി വീണ്ടും വോട്ടെണ്ണൽ ആവശ്യപ്പെട്ടതിനെ തുടർന്നു വന്ന ഫലത്തിൽ സെക്രട്ടറി സ്ഥാനം അവർക്ക് ലഭിക്കുകയായിരുന്നു.

മോദിയുടെ നാട്ടിൽ ആബെയാണ് താരം

- സബർമതി വരെ 8 കി. മീറ്റർ റോഡ് ഷോ
- 30 ഗുജറാത്തി വിഭവങ്ങളുമായി അത്താഴം

സബർമതി ആശ്രമത്തിലെ സന്ദർശക രജിസ്റ്ററിൽ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെ ഒപ്പുവയ്ക്കുന്നു. ഭാര്യ അകി ആബെയും പ്രധാനമന്ത്രി നരേന്ദ്രമോദിയും സമീപം.

അഹമ്മദാബാദ്: ഇന്ത്യ -ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയ്ക്കും ഭാര്യ അകി ആബെയ്ക്കും ഉജ്ജ്വല വരവേല്പ് നൽകി. അഹമ്മദാബാദ് വിമാനത്താവളത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടെത്തിയാണ് സ്വീകരിച്ചത്.

സബർമതി ആശ്രമം വരെ സംഘടിപ്പിച്ച റോഡ് ഷോയിൽ ആബെ കുർത്തയും ഭാര്യ ചുരിദാറും ധരിച്ചാണ് മോദിക്കൊപ്പം പങ്കെടുത്തത്. പൂക്കളാൽ അലങ്കരിച്ച തുറന്ന ജിപ്സിയിലായിരുന്നു യാത്ര. തുടർന്ന് സബർമതി ആശ്രമത്തിൽ ഗാന്ധിജിക്ക് പ്രണാമം അർപ്പിച്ചു.

ഗുജറാത്തിന്റെ സംസ്കാരം വിളിച്ചോതുന്ന പരമ്പരാഗത നൃത്തരൂപങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയാണ് ആബെയെ വിമാനത്താവളത്തിൽ എതിരേറ്റത്. ബുദ്ധ സന്യാസിമാരും സ്വീകരിക്കാനെത്തി. വിമാനത്താവളം മുതൽ സബർമതി വരെയുള്ള എട്ട് കിലോമീറ്ററിനിടെ 28 സ്റ്റേജുകൾ ഒരുക്കി കലാപരിപാടികൾ അവതരിപ്പിച്ചു. വർണ ദീപങ്ങൾ തെളിച്ച് അഹമ്മദാബാദ്, ഗാന്ധിനഗർ നഗരങ്ങൾക്ക് ഉത്സവച്ഛായ നൽകിയിരുന്നു.

മുപ്പതിലേറെ ഗുജറാത്തി വിഭവങ്ങൾ ഉൾപ്പെട്ട അത്താഴ വിരുന്നാണ് ആബെയ്ക്കും പത്നിക്കുമായി മോദി ഒരുക്കിയത്. ജാപ്പനീസ് വിഭവങ്ങളും തയ്യാറാക്കിയിരുന്നു. അഹമ്മദാബാദിലെ പ്രശസ്തമായ ആഗാഷിയ ടെറസ് റെസ്റ്റോറന്റിലായിരുന്നു സത്കാരം.

പതിനാറാം നൂറ്റാണ്ടിൽ പണിത പ്രസിദ്ധമായ സിദ്ദി സെയദ് പള്ളി മോദിക്കൊപ്പം ഇരുവരും സന്ദർശിച്ചു. ഇന്നാണ് വാർഷിക ഉച്ചകോടി. ഇരു രാജ്യങ്ങളും തമ്മിലുള്ള പന്ത്രണ്ടാമത്തെ ഉച്ചകോടിയാണിത്.

ഇന്ന് ഒപ്പിടുന്ന കരാറുകൾ

- ജപ്പാൻ സാമ്പത്തിക സഹായത്തോടെയുള്ള മുംബയ്-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിനിന്റെ ശിലാസ്ഥാപനം
- മേക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ, ക്ലീൻ ഗംഗ പദ്ധതികളിൽ സഹകരണം

ജെ.ഡി.യു: ശരത് യാദവ് പക്ഷം ഡൽഹിയിൽ യോഗം ചേരും

ന്യൂഡൽഹി: ശരത് യാദവിന്റെ നേതൃത്വത്തിലുള്ള ജെ. ഡി. യു വിമത പക്ഷം ഒക്ടോബർ 8ന് ഡൽഹിയിൽ ദേശീയ കൗൺസിൽ യോഗം ചേരും.

പാർട്ടി ഔദ്യോഗിക ചിഹ്നത്തിനുള്ള അവകാശ വാദം തിരഞ്ഞെടുപ്പ് കമ്മിഷൻ തള്ളിയ പശ്ചാത്തലത്തിൽ ഭാവി പരിപാടികൾ യോഗത്തിൽ തീരുമാനിക്കും. ഒരു കൊട്ടുമുടിയോടാണ് യുദ്ധമെന്നും പരിക്കേൽക്കുമെന്ന് ഉറപ്പുണ്ടെന്നും നിതീഷ്കുമാറിനെ പരോക്ഷമായി പരാമർശിച്ച് ശരത് യാദവ് പറഞ്ഞു.

പാർട്ടി വിരുദ്ധ നടപടി ആരോപിച്ച് ശരത് യാദവിന്റെയും മറ്റൊരു റെബൽ നേതാവായ അലി അൻവറിന്റെയും രാജ്യസഭാംഗത്വം റദ്ദാക്കാൻ ജെ.ഡി.യു ഔദ്യോഗിക നേതൃത്വം നൽകിയ അപേക്ഷ സഭാദ്ധ്യക്ഷൻ വെങ്കയ്യ നായിഡുവിന്റെ പരിഗണനയിലാണ്. ഒരാഴ്ചയ്ക്കകം മറുപടി നൽകാൻ രാജ്യസഭ രണ്ടുപേർക്കും നിർദ്ദേശം നൽകി.

ഇർമയുടെ മറവിൽ മുങ്ങിയത് നൂറിലേറെ ക്രിമിനലുകൾ

ലണ്ടൻ: ഇർമ ആഞ്ഞടിച്ച അവസരം മുതലാക്കി ബ്രിട്ടീഷ് അധീനതയിലുള്ള വെർജിൻ ദ്വീപുകളിലെ ജയിലിൽ നിന്ന് നൂറിലേറെ ക്രിമിനലുകൾ രക്ഷപ്പെട്ടു. തുടർന്ന് ദ്വീപുകളുടെ ഭരണച്ചുമതലയുള്ള ഗവർണറുടെ സംരക്ഷണത്തിനും ക്രമസമാധാനപാലനത്തിനുമായി 997 റോയൽ മറീനുകളെയും 47 പൊലീസുകാരെയും ബ്രിട്ടീഷ് സർക്കാർ വെർജിൻ ദ്വീപുകളിലേക്ക് അയച്ചു.

അനാദരവ് കാട്ടിയ ഡോക്ടർ ആശുപത്രിക്ക് മുന്നിൽ ഒരാഴ്ച പതാക ഉയർത്തണം

ചെന്നൈ: ദേശീയ ഗാനത്തോട് അനാദരവ് കാട്ടിയെന്ന കേസിൽ ജാമ്യമെടുക്കാനെത്തിയ ഡോക്ടറോട് ഒരാഴ്ച ആശുപത്രിക്കു മുന്നിൽ ദേശീയ പതാക ഉയർത്താനും ദേശീയ ഗാനം ചൊല്ലി അഭിവാദ്യം ചെയ്യാനും മദ്രാസ് ഹൈക്കോടതി ഉത്തരവിട്ടു.

വെല്ലൂരിനു സമീപം ആമ്പൂർ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ. എ. കെന്നഡിക്കാണു ഹൈക്കോടതിയുടെ അപൂർവ ശിക്ഷാനടപടി. ദിവസവും രാവിലെ പത്തിനു പതാക ഉയർത്തുന്നുണ്ടോ എന്നു പരിശോധിക്കാൻ പൊലീസിന് നിർദ്ദേശവും നൽകി. ഉത്തരവിനെ തുടർന്നു ഡോക്ടർ ഇന്നലെ ആശുപത്രിവളപ്പിൽ പതാക ഉയർത്തി.

സ്വാതന്ത്ര്യദിനത്തിൽ ആശുപത്രിയിൽ നടന്ന ചടങ്ങിനിടെ ദേശീയഗാനം ആലപിച്ചപ്പോൾ കെന്നഡി മൊബൈൽഫോണിൽ സംസാരിക്കുന്ന ദൃശ്യങ്ങൾ സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഇതു കാട്ടി മുൻ നഗരസഭാംഗം പരാതി നൽകുകയായിരുന്നു.

ഗുജറാത്തിൽ പ്രക്ഷോഭകർ ബസ് കത്തിച്ചു

ഗുജറാത്ത്: സൂറത്തിലെ ഡയമണ്ട് സിറ്റിയിൽ യുവമോർച്ചയുടെ പരിപാടി തടസപ്പെടുത്താൻ ശ്രമിച്ചതിന് പട്ടേദാർ പ്രക്ഷോഭകരെ പൊലീസ് കസ്റ്റഡിയിലെടുത്തതിൽ പ്രതിഷേധിച്ച് രണ്ട് ബസുകൾക്ക് തീയിട്ടു. ആർക്കും പരിക്കില്ല. പന്ത്രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് സൗരാഷ്ട്ര ഭവനിൽ യുവമോർച്ച സംഘടിപ്പിച്ച പരിപാടിയാണ് ഹർദിക് പട്ടേലിന്റെ പട്ടേദാർ അനാമത് ആന്തോളൻ സമിതി തടസപ്പെടുത്താൻ ശ്രമിച്ചത്. വിദ്യാഭ്യാസ മേഖലയിലും സർക്കാർ ജോലിയിലും പട്ടേൽ സമുദായത്തിന് സംവരണം വേണമെന്നാവശ്യപ്പെട്ട് 2015 മുതൽ സമിതി ഗുജറാത്തിൽ പ്രക്ഷോഭം നടത്തി വരികയാണ്.

ബംഗാൾ എം.പി ഋതബ്രതയെ സി.പി.എം പുറത്താക്കി

ഋതബ്രതാ ബാനർജി

കൊൽക്കത്ത: പാർട്ടി വിരുദ്ധ പ്രവർത്തനത്തെ തുടർന്ന് പശ്ചിമ ബംഗാളിൽ നിന്നുള്ള രാജ്യസഭാ എം.പിയും എസ്.എഫ്.ഐ മുൻ ദേശീയ ജനറൽ സെക്രട്ടറിയുമായ ഋതബ്രതാ ബാനർജിയെ സി.പി.എം പുറത്താക്കി. ആഡംബര ജീവിതം നയിക്കുന്ന ഋതബ്രതയെ പുറത്താക്കണമെന്ന് പാർട്ടി ബംഗാൾ ഘടകം ആവശ്യപ്പെട്ടു വരികയായിരുന്നു. ഋതബ്രതയുടെ ജീവിത ശൈലി കമ്യൂണിസ്റ്റിന് നിരക്കാത്തതാണെന്ന മുൻഭാര്യ ഉർബയുടെ പരാതിയെ തുടർന്ന് ഇക്കഴിഞ്ഞ ജൂണിൽ മൂന്നു മാസത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു. സാമൂഹ്യ മാദ്ധ്യമത്തിൽ തന്നെ വിമർശിച്ചയാൾക്കെതിരെ തൊഴിലുടമയോട് നടപടിയാവശ്യപ്പെട്ടതിന് ഋതബ്രതയെ കഴിഞ്ഞ ഫെബ്രുവരിയിൽ പാർട്ടി സംസ്ഥാന സമിതി പരസ്യമായി താക്കീത് ചെയ്തിരുന്നു. ആപ്പിൾ കമ്പനിയുടെ സ്മാർട്ട് വാച്ചും ആയിരങ്ങൾ വിലയുള്ള പേനയും അണിഞ്ഞ് ഇയാൾ ഫേസ്ബുക്കിലിട്ട സെൽഫി ചിത്രത്തിന് 'ഇല്ലായ്മക്കാരുടെ മഹാനായ നേതാവ്' എന്ന് കമന്റ് ചെയ്തതിനായിരുന്നു പരാതി. പ്രകാശ് കാരാട്ടിന്റെ കടുത്ത വിമർശകനുമായിരുന്നു ഋതബ്രത.

വിവിധം

സി.പി.എം ബ്രാഞ്ച് സമ്മേളനങ്ങൾക്ക് നാളെ തുടക്കം

മദ്യപാനശീലം ഉൾപ്പെടെ അംഗങ്ങളുടെ മൂല്യവ്യതിയാനം പരിശോധിക്കും

സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: ഇരുപത്തിരണ്ടാം പാർട്ടി കോൺഗ്രസിന് മുന്നോടിയായുള്ള ബ്രാഞ്ച് സമ്മേളനങ്ങൾ നാളെ തുടങ്ങാനിരിക്കെ, പാർട്ടി പ്ലീനം അംഗീകരിച്ച തെറ്റുതിരുത്തൽ പരിപാടി ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കാൻ സി.പി.എം. അംഗങ്ങളുടെ ജീവിതശൈലി, അഴിമതി പ്രവർത്തനം, കമ്യൂണിസ്റ്റ് മാനദണ്ഡലംഘനം എന്നിവ പരിശോധിക്കാനാണ് നിർദ്ദേശം.

സമ്മേളനങ്ങൾക്ക് മുന്നോടിയായി കേന്ദ്രകമ്മിറ്റി പുറത്തിറക്കിയ മാർഗരേഖ അനുസരിച്ച് കീഴ്ഘടകങ്ങൾക്കയച്ചകത്തിൽ ഉൾപ്പെടുത്തിയ ചോദ്യാവലിയിലാണ് പാർട്ടി അംഗങ്ങളുടെ കമ്യൂണിസ്റ്റ് മൂല്യ വ്യതിയാനം പരിശോധിക്കാൻ സി.പി.എം നിർദ്ദേശിക്കുന്നത്. മെമ്പർഷിപ്പ് പുതുക്കുന്ന വേളയിൽ ഓരോരുത്തരെയും പരിശോധിക്കണമെന്ന നിർദ്ദേശം എത്രത്തോളം നടപ്പാക്കി, റിയൽ എസ്റ്റേറ്റ്- ബ്ലേഡ് മാഫിയാബന്ധം- മദ്യപാന ശീലം തുടങ്ങിയ ദൂഷ്യങ്ങളുള്ള അംഗങ്ങളെ പരിശോധിച്ചിട്ടുണ്ടോ എന്നീ ചോദ്യങ്ങൾ ഇതിന്റെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. പട്ടികജാതി- പട്ടികവർഗ, മത ന്യൂനപക്ഷ വിഭാഗങ്ങളിൽ പാർട്ടി സ്വാധീനം എത്രത്തോളം, ഇതിൽ മാറ്റം വരുത്താൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നീ ചോദ്യങ്ങളും സി.പി.എം കേന്ദ്രകമ്മിറ്റി ഉയർത്തുന്നു. മത ന്യൂനപക്ഷ വിഭാഗങ്ങളിലെ പാർട്ടി സ്വാധീനം എല്ലാ കാലത്തും സി.പി.എമ്മിന് പൊള്ളുന്ന വിഷയമാണ്. ഇടത് തരംഗം ദൃശ്യമായ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിലും മദ്ധ്യ തിരുവിതാംകൂറിലും മലപ്പുറത്തും വലിയ നേട്ടമുണ്ടാക്കാൻ കഴിയാത്തതും പാർട്ടി ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി.

ഓരോ ഘടകങ്ങൾക്കുമായി വിശദമായ ചോദ്യാവലിയാണ് ഇക്കുറി തയ്യാറാക്കി നൽകിയിരിക്കുന്നത്. വർഗ, ബഹുജനസംഘടനകളുടെ സൂക്ഷ്മവിശദാംശങ്ങൾ വരെ ഇതിന്റെ ഭാഗമായി കേന്ദ്രകമ്മിറ്റി അന്വേഷിക്കുന്നുണ്ട്. ബ്രാഞ്ച് കമ്മിറ്റികളോട് ബ്രാഞ്ച് അതിർത്തിയിലെ വീടുകൾ, ജനസംഖ്യ, പൊതുസ്ഥിതി എന്നിവ ആരായുന്നു. വീടുകളെക്കുറിച്ചുള്ള സർവേ റിപ്പോർട്ട് നൽകാനും നിർദ്ദേശമുണ്ട്. സമ്മേളനങ്ങളിൽ വിഭാഗീയതയ്ക്കെതിരെ രേഖ മുന്നറിയിപ്പ് നൽകുന്നുണ്ട്. കമ്മിറ്റിയുടെ തിരഞ്ഞെടുപ്പ് സമയത്ത് ബദൽ പട്ടികയോ സ്ലിപ്പ് വിതരണം ചെയ്യുന്നതോ വിഭാഗീയ പ്രവർത്തനമായി കണക്കാക്കണം.

സമ്മേളനത്തിൽ കമ്മിറ്റിയുടെ പാനൽ അവതരിപ്പിച്ചശേഷം അര മണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ ചായ കുടിക്കാൻ ഇടവേള നൽകുന്നത് ഒഴിവാക്കണമെന്നും രേഖ നിർദ്ദേശിക്കുന്നു.

ഫാ.ഉഴുന്നാലിലിന്റെ മോചനം കേന്ദ്ര ഇടപെടൽ മൂലമെന്ന് കണ്ണന്താനം

കോട്ടയം: പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും ഒന്നരവർഷമായി നടത്തിയ ഇടപെടൽ മൂലമാണ് ഫാ.ടോം ഉഴുന്നാലിൽ മോചിതനായതെന്ന് കേന്ദ്ര മന്ത്രി അൽഫോൺസ് കണ്ണന്താനം വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൂന്നു ദിസം മുമ്പ് മന്ത്രി സുഷമാ സ്വരാജുമായി സംസാരിച്ചപ്പോൾ നല്ല വാർത്ത ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു. കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഉണ്ടായില്ലെന്ന് പൊട്ടന്മാരല്ലാത്ത ആരെങ്കിലും പറയുമോ. മോചിപ്പിച്ച വ്യക്തിയെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചശേഷമേ ആധികാരികമായ വെളിപ്പെടുത്തൽ നടത്താൻ കേന്ദ്രത്തിന് കഴിയൂ. അതാണ് വിദേശകാര്യമന്ത്രി ട്വിറ്റ് ചെയ്യാൻ വൈകിയത്. മോചിതനാക്കുക എന്നതാണ് പ്രധാനം. മോചനത്തെക്കുറിച്ച് റണ്ണിംഗ് കമന്ററി നടത്തുന്നത് സർക്കാരിന്റെ പണിയല്ല. മോചനദ്രവ്യം കൊടുത്തെങ്കിൽ കൊടുത്തെന്ന് ആരെങ്കിലും പറയുമോ. ഒരു കാലത്തും പുറത്തുവരാത്ത രഹസ്യങ്ങൾ ഇത്തരം സംഭവങ്ങൾക്കുപിന്നിൽ കാണും.

കേരള സർക്കാർ വിചാരിച്ചാലോ, നമ്മുടെ എം.എൽ.എമാർ നിയമസഭയിൽ മുദ്രാവാക്യം വിളിച്ചാലോ യെമനിൽ തട്ടിക്കൊണ്ടു പോയവരെ വിടുമോ. ഉമ്മൻചാണ്ടി, കെ.എം.മാണി, ജോസ് കെ. മാണി എന്നിവരുടെ പ്രചാരണത്തോട് സഹതാപമാണുള്ളത്. വത്തിക്കാന്റെ ഇടപെടൽ ഉണ്ടായെന്ന വാർത്ത ഇന്നലെ തിരുത്തി. കത്തോലിക്ക അച്ചനായതു കൊണ്ടാകാം വത്തിക്കാന് നന്ദി പറഞ്ഞത്. തട്ടിക്കൊണ്ടുപോയി തടവിൽ കഴിഞ്ഞ ആൾക്ക് തന്നെ രക്ഷിച്ചതിനുപിന്നിൽ പ്രവർത്തിച്ചവരെ എങ്ങനെ അറിയാൻ കഴിയും. സൗദി അറേബ്യയുടെ പങ്കും പ്രധാനമാണ്.

മുരുകന്റെ മരണം: രണ്ട് ഡോക്ടർമാരെക്കൂടി ചോദ്യം ചെയ്തു

കൊല്ലം: അപകടത്തിൽ പരിക്കേറ്റ തമിഴ്നാട് സ്വദേശി മുരുകൻ ചികിത്സ കിട്ടാതെ മരിച്ച സംഭവത്തിൽ പ്രത്യേക അന്വേഷണസംഘം ഇന്നലെ രണ്ട് ഡോക്ടർമാരെക്കൂടി ചോദ്യം ചെയ്തു. കൊല്ലം മെഡിസിറ്റി, മെഡിട്രീന ആശുപത്രികളിലെ ഡോക്ടർമാരെയാണ് അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ജില്ലാ ക്രൈംബ്രാഞ്ച് എ.സി.പി എ. അശോകൻ വിളിച്ച് വരുത്തി ചോദ്യം ചെയ്തത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാരോട്ടും പട്ടം എസ്.യു.ടി ആശുപത്രിയിലെ ഡോക്ടറോട്ടും ഇന്ന് ചോദ്യം ചെയ്യലിന് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് അന്വേഷണ സംഘം പറഞ്ഞു. മെഡിക്കൽ കോളേജിലെ ഉൾപ്പെടെ ഡോക്ടർമാർ മുൻപ് ചോദ്യം ചെയ്തപ്പോൾ കളവ് പറഞ്ഞിട്ടുണ്ടെങ്കിൽ വീണ്ടും ചോദ്യം ചെയ്യും. മുരുകൻ ചികിത്സ ലഭിക്കാതെ മരിച്ച സംഭവത്തെക്കുറിച്ച് ആരോഗ്യ വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് അന്വേഷണസംഘത്തിന് ഇനിയും ലഭിച്ചിട്ടില്ല. വീഴ്ചകളെ സംബന്ധിച്ച എല്ലാ ശാസ്ത്രീയ തെളിവുകളും സമാഹരിച്ച ശേഷമേ കുറ്റക്കാരായ ഡോക്ടർമാരെ അറസ്റ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികളിലേക്ക് അന്വേഷണസംഘം നീങ്ങുകയുള്ളൂ.

പൊലീസ് കള്ളക്കേസെടുത്തെന്ന് ഡി.ജി.പിക്ക് പരാതി

തിരുവനന്തപുരം: ആലപ്പുഴയിലെ വിമുക്തഭടനെ വ്യാജപീഡനക്കേസിൽ കുടുക്കിയെന്നാരോപിച്ച് തനിക്കെതിരേ പൊലീസ് കള്ളക്കേസെടുത്തെന്ന് കെ.പി.സി.സി നിർവാഹക സമിതിയംഗവും ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാനുമായ കറ്റാനം ഷാജി ഡി.ജി.പിക്ക് പരാതി നൽകി. വിമുക്തഭടനുമായി തനിക്ക് യാതൊരു ബന്ധവുമില്ല. തന്നെ പ്രതി ചേർക്കാൻ ഗൂഢാലോചന നടത്തി. ഇതേക്കുറിച്ച് പ്രത്യേക സംഘം അന്വേഷിക്കണം.

കോൺഗ്രസ് സംഘടനാ തിരഞ്ഞെടുപ്പ്: എ, ഐ ഗ്രൂപ്പുകളിൽ സമവായം

ശ്രീകുമാർ പള്ളീലേത്ത്

തിരുവനന്തപുരം: കോൺഗ്രസ് സംഘടനാ തിരഞ്ഞെടുപ്പ് സമവായത്തിൽ നടത്താൻ ഇന്നലെ ചേർന്ന കെ. പി. സി. സി രാഷ്ട്രീയകാര്യ സമിതി യോഗം തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് ഒഴിവാക്കി ഭാരവാഹികളെ തീരുമാനിക്കണമെന്നാണ് എ, ഐ വിഭാഗങ്ങൾ ഒരു പോലെ അഭിപ്രായപ്പെട്ടത്. ഇക്കാര്യത്തിൽ ചർച്ചകൾ നടത്തി തീരുമാനമുണ്ടാക്കാൻ കെ. പി.സി.സി പ്രസിഡന്റിനെ ചുമതലപ്പെടുത്തി.

വേങ്ങര ഉപതിരഞ്ഞെടുപ്പിന് മുമ്പായി കെ.പി.സി.സി പ്രസിഡന്റിനെ തീരുമാനിക്കണമെന്ന് ചിലർ അഭിപ്രായപ്പെട്ടെങ്കിലും ഹൈക്കമാൻഡ് തീരുമാനിക്കേണ്ട വിഷയമായതിനാൽ ഇക്കാര്യത്തിൽ ചർച്ച വേണ്ടെന്നായിരുന്നു മുതിർന്ന നേതാക്കളുടെ നിലപാട്. ഉമ്മൻചാണ്ടിയെയും രമേശ് ചെന്നിത്തലയെയും കുറിച്ച് കെ.മുരളീധരൻ മാദ്ധ്യമങ്ങളിൽ നടത്തിയ പരാമർശത്തെച്ചൊല്ലി യോഗത്തിൽ ചൂടേറിയ വാദ പ്രതിവാദം നടന്നു. ഷാനിമോൾ ഉസ്മാനും പി.സി ചാക്കോയും മുരളീധരനെ രൂക്ഷമായി വിമർശിച്ചു.

പ്രത്യേകിച്ച് സ്ഥാനങ്ങളൊന്നും വഹിക്കാൻ താത്പര്യം കാട്ടാത്ത ഉമ്മൻചാണ്ടിയെ അനാവശ്യ വിവാദത്തിലേക്ക് വലിച്ചിടേണ്ടിയിരുന്നില്ലെന്ന് ചാക്കോ പറഞ്ഞു. മാദ്ധ്യമങ്ങളോട് മുരളീധരൻ പറഞ്ഞ കാര്യങ്ങൾ പ്രതിപക്ഷനേതാവിനെ മോശപ്പെടുത്തും വിധമായിപ്പോയെന്നും ഇത് പാർട്ടിയെ പ്രതിരോധത്തിലാക്കുമെന്നും ഷാനിമോൾ ഉസ്മാൻ പറഞ്ഞു. എന്നാൽ രമേശിനെ മോശമാക്കുന്ന ഒന്നും താൻ പറഞ്ഞില്ലെന്ന് മുരളീധരൻ വിശദീകരിച്ചു. ഉമ്മൻചാണ്ടി ഉന്നത സ്ഥാനങ്ങൾ വഹിക്കാൻ യോഗ്യനാണോ എന്ന ചോദ്യത്തിന് യോഗ്യനാണെന്ന മറുപടിയാണ് പറഞ്ഞത്. അങ്ങനെയല്ലെന്ന് പറയാൻ ആർക്കെങ്കിലും കഴിയുമോ എന്നും മുരളീധരൻ ചോദിച്ചു. കെ.സി.ജോസഫ് മുരളീധരനെ പിന്തുണച്ചു.

മുരളി പറഞ്ഞതിൽ അവാസ്തവമൊന്നും ഇല്ലെന്ന് ജോസഫ് പറഞ്ഞു. പക്ഷേ അത് ഏറ്റുപിടിച്ച് അനാവശ്യ വിവാദമുണ്ടാക്കാൻ ചിലർ ശ്രമിച്ചത് തെറ്റായിപ്പോയി. പറഞ്ഞതെന്താണെന്ന് മുരളീധരനോട് വിളിച്ച് അന്വേഷിച്ചിട്ടു വേണമായിരുന്നു പ്രതികരിക്കേണ്ടതെന്നും ജോസഫ് പറഞ്ഞു.

കോവളം കൊട്ടാരം കൈമാറ്റവുമായി ബന്ധപ്പെട്ട സമരത്തിന് വേണ്ടത്ര ശക്തിയുണ്ടായില്ലെന്ന വിമർശനം ചർച്ചയിൽ പങ്കെടുത്ത ഭൂരിപക്ഷം പേരും ഉന്നയിച്ചു. ജനകീയ വിഷയങ്ങളിൽ കൂടുതൽ ശക്തമായ സമരങ്ങൾ ആവിഷ്കരിക്കണമെന്ന അഭിപ്രായവും ഉയർന്നു. ഇന്നലെ രാവിലെ 10 മണിക്ക് ഇന്ദിരാഭവനിൽ ചേർന്ന രാഷ്ട്രീയകാര്യ സമിതി യോഗം വൈകിട്ട് മൂന്നരമണിയോടെയാണ് സമാപിച്ചത്. ഇന്ന് യു.ഡി.എഫ് യോഗം ചേരുന്നുണ്ട്.

സീനിയർ ജേർണലിസ്റ്റ്സ് ഫോറം കേരളയുടെ സംസ്ഥാന സമ്മേളനം പ്രസ്സ് ക്ലബിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യാൻ എത്തിയപ്പോൾ

മതനിരപേക്ഷത ഉൾക്കൊള്ളാത്തവർ സമാധാനം കെടുത്തുന്നു: മുഖ്യമന്ത്രി

തിരുവനന്തപുരം: മതനിരപേക്ഷത ഉൾക്കൊള്ളാൻ കഴിയാത്തവർ നാടിന്റെ സമാധാനം കെടുത്താൻ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സീനിയർ ജേർണലിസ്റ്റ്സ് ഫോറം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാഹിത്യകാരന്മാർ കൊലചെയ്യപ്പെടാതിരിക്കാൻ മൃത്യുഞ്ജയ ഹോമം നടത്തണമെന്നാണ് ഒരു സംഘപരിവാർ നേതാവ് ഭീഷണിപ്പെടുത്തിയത്. മതനിരപേക്ഷതയുടെ എല്ലാ സ്വാതന്ത്ര്യവും അനുഭവിച്ചുകൊണ്ടാണ് ഭീഷണി. പുരോഗമനാശയങ്ങൾ വച്ചുപൊറുപ്പിക്കാത്തവരാണ് ഗൗരി ലങ്കേഷിനെ കൊലപ്പെടുത്തിയത്. ആയുധങ്ങൾ കൊണ്ട് പൊരുതുന്നവർക്ക് മതനിരപേക്ഷത ഉൾക്കൊള്ളാനാവില്ല എന്നതിന്റെ തെളിവാണ് ഗൗരി ലങ്കേഷിന്റെ കൊല.

1992ന് ശേഷം 40 മാദ്ധ്യമപ്രവർത്തകരാണ് രാജ്യത്ത് കൊല്ലപ്പെട്ടത്. വിലക്കുകളെയും ഭീഷണികളെയും ആശയങ്ങൾ കൊണ്ട് നേരിടാൻ കഴിയുമെന്ന് പുതിയ തലമുറയിലെ മാദ്ധ്യമ പ്രവർത്തകർ മനസിലാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഫോറം നടപ്പിലാക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതിയുടെ അംഗത്വവിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. കേസരി സ്മാരക അവാർഡിന് അർഹനായ ജേക്കബ് തോമസിനെ ചടങ്ങിൽ ആദരിച്ചു.

ഫോറം പ്രസിഡന്റ് നടുവട്ടം സത്യശീലൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, വി.എസ്. ശിവകുമാർ എം.എൽ.എ, ഫോറം വൈസ് പ്രസിഡന്റ് പ്രതാപചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.